# KERALA PRIVATE COLLEGE MANAGEMENTS' ASSOCIATION

*(Registered under Travancore-Cochin Literary Scientific & Charitable Societies' Registration Act XII of 1955 Reg.S.No.Tr.12 of 1960, 03-05-1960)*

E mail : kpcma1960@gmail.com

| PRESIDENT | GENERAL SECRETARY | TREASURER |
| --- | --- | --- |
| **Dr.M.E.Kuriakose**<br>Secretary,<br>M.O.C Colleges,<br>Catholicate Aramana,<br>Devalokam (Po),<br>Kottayam-686 004<br>Mob.9447101513 | **Dr.M.Usman**<br>V/427 Camp Office,<br>Schoolparamba,<br>Pazhamallure (Po)<br>Malappuram Dt.676 506<br>Mob.9447255581 | **Rev. Sr.Dr.Vinitha CSST**<br>Director,<br>St.Teresas' College,<br>Park Avenue, Marine Drive ,<br>Ernakulam- 682 011<br>Mob.9961441698 |


## കോളെജുകളിലെ ജോലി ഭാരം: പി.ജി വെയിറേറജ് പൂർണ്ണമായി പുന:സ്ഥാപിക്കണം- കേരളാ പ്രൈവറ്റ് കോളെജ് മാനേജ്മെന്റ്സ് അസോസിയേഷൻ

തിരുവനന്തപുരം : സംസ്ഥാനത്തെ കോളെജുകളിലും സർവ്വകലാശാലാ പഠന വിഭാഗങ്ങളിലും അധ്യാപകരുടെ ജോലി ഭാരം കണക്കാക്കുമ്പോൾ പരിഗണിച്ചു വന്നിരുന്ന പി. ജി വെയ്റ്റേജ് പൂർണ്ണമായും പുന:സ്ഥാപിക്കണമെന്ന് കേരളാ പ്രൈവറ്റ് കോളെജ് മാനേജ്മെന്റ് സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ.എം.ഇ. കുര്യാക്കോസ്, ജനറൽ സെക്രട്ടറി ഡോ.എം.ഉസ്മാൻ എന്നിവർ പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് ഏപ്രിൽ 1- ന് സർക്കാർ ഇറക്കിയ ഉത്തരവ് പിൻവലിക്കണമെന്ന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരും നിരന്തരം ആവശ്യപ്പെട്ടിട്ടും സർക്കാർ നിഷേധാത്മക സമീപനം തുടരുന്നത് പ്രതിഷേധാർഹമാണ്. 31 വരെ നിയമനം ലഭിച്ചവർക്ക് ഇളവ് ലഭിക്കുമെന്നും ജൂൺ 1 മുതൽ പി.ജി വെയിറ്റേജ് അനുവദിക്കണമെങ്കിൽ പുതിയ തസ്തികകൾ സൃഷടിക്കേണ്ടി വരുമെന്നുമുള്ള നിലപാട് തെറ്റിദ്ധാരണാജനകമാണ്. സംസ്ഥാനത്തെ കോളെജുകളിൽ മാസങ്ങളായി നിയമന നടപടികൾ സ്തംഭിച്ചിരിക്കുകയാണ്. കോളെജുകളിലെ പി.ജി.ഡിപ്പാർട്ട്മെൻറുകളിൽ നിലവിലുള്ള റിട്ടയർമെന്റ് വേക്കൻസികളടക്കം നിയമനത്തിനായി സർക്കാർ അനുമതി ലഭിക്കാതെ ഒഴിഞ്ഞുകിടക്കുകയാണ്. കേരളാ പി.എസ്.സിയും സർവ്വകലാശാലകളും അധ്യാപക നിയമന നടപടികൾ ആരംഭിച്ചതും കോളെജുകളിൽ 2013-ൽ അനുവദിച്ച കോഴ്സുകളുടെ ജോലി ഭാരം കണക്കാക്കിയതും പി.ജി. വെയ്റ്റേജ് പരിഗണിച്ചു കൊണ്ടാണ്. ഈ സാഹചര്യത്തിൽ  വെയിറേറജ് അനുവദിക്കുന്നത് മൂലം അധിക തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടി വരുന്നില്ലെന്നും പുതിയ പി.ജി. കോഴ്സുകളിലൊഴികെ നിലവിലെ അധ്യാപക  തസ്തികകൾ നിലനിർത്തുക മാത്രമാണ് ചെയ്യുന്നതെന്നും അസോസിയേഷൻ ഭാരവാഹികൾ ചൂണ്ടിക്കാട്ടി. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഏപ്രിൽ 1- ലെ സർക്കാർ ഉത്തരവ് പിൻവലിച്ച് പി.ജി വെയ്റ്റേജ് പൂർണമായും പുന:സ്ഥാപിക്കണമെന്നും ഇത് സംബന്ധിച്ച് സർക്കാരിന് നേരത്തെ നൽകിയ നിവേദനങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും മാനേജ്മെന്റ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു.

ഡോ.എം.ഇ.കുര്യാക്കോസ് (പ്രസിഡന്റ്) -9447101513
ഡോ.എം.ഉസ്മാൻ (ജനറൽ സെക്രട്ടറി) - 9447255581
കേരളാ പ്രൈവറ്റ് കോളെജ് മാനേജ്മെന്റ് സ് അസോസിയേഷൻ

Dr. M. USMAN

05-06-2020